(ഡി) വെള്ളം പരമാവധി ഉപയോഗപ്രദമാക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ചിറ്റൂർപുഴ ഡിവിഷൻ എന്ന പേരിൽ ഒരു ഡിവിഷൻ പ്രവർത്തിക്കുന്നുണ്ട്.

(ഈ) ഇല്ല.

സീ ഐലൻറ് കോട്ടൺ ഉല്പാദന പദ്ധതി.

* 139. [35] ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീ ഐലൻറ് കോട്ടൺ ഉൽപ്പാദനപദ്ധതിപ്രകാരം സ്റ്റോറിനു 1961-62 ലും, 1962-63 ലും, 1963-64 ഡിസംബർ അവസാനംവരെയും എത്ര ചിലവായി ;

(ബി) ലോണായി എത്ര സംഖ്യ കൊടുത്തു -

(സി) ഹോസ്ദുർഗ്ഗ് തലൂക്കിൽ ആകെ എത്ര സംഖ്യ ലോണായി കൊടുത്തു ;

(ഡി) ആക്കൊക്കെ; ലിസ്റ്റ് മേശപ്പുറത്തു വയ്ക്കാൻ ദയവുണ്ടാകുമോ ;

(ഈ) ഇതിൽ വല്ലവരുടേയും സംഖ്യ ഒന്നായി തിരിച്ചടയ്ക്കാൻ കല്പിച്ചിട്ടുണ്ടോ ;

(എഫ്) ആരുടേതു് ;

(ജി) കാരണമെന്താണു് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) 1961–62 ലും, 1962–63 ലും ഈ പദ്ധതി ഇൻഡ്യൻ സെൻട്രൽ കോട്ടൺ കമ്മിറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നതുകൊണ്ട് സ്റ്റോറിനു് ഒന്നും ചിലവായില്ല. 1963–64 ഡിസംബർ അവസാനംവരെ 42,363 രൂപാ 83 നയാ പൈസ സ്റ്റോറിനു ചിലവായി.

(ബി) 1961–62 ഇല്ല.
1962–63 ഇല്ല.
1963–64 57,397·90 രൂപ.

(സി) കൊടുത്തിട്ടില്ല.

(ഡി, ഈ, എഫ്, ജി) ഉദിക്കുന്നില്ല.

ദേവസ്വം നിയമങ്ങൾ

* 140. [42] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിലേയും, മലബാറിലേയും ദേവസ്വം നിയമങ്ങൾ ഏകീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ദേവസ്വം കാര്യങ്ങളെപ്പറ്റി അന്വേഷിക്കുവാൻ നിയുക്തമായ കുട്ടികൃഷ്ണമേനോൻ കമ്മിറ്റി റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ഗവണ്മെൻറ് എത്ര നടപടി സ്വീകരിച്ചു ;

(സി) ആ റിപ്പോർട്ട് നിയമസഭയിൽ വയ്ക്കുകയും നിയമസഭയിൽ ചർച്ചയ്ക്കു വിഷയമാക്കുകയും ചെയ്യുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ട്.

(ബി) റിപ്പോർട്ട് പരിശോധിച്ചുകൊണ്ടിരിക്കുന്നു. അതു് പ്രസിദ്ധപ്പെടുത്തുകയും 15–2–1964–നു മുൻപു് ഗവണ്മെൻറിനു് ലഭിക്കുന്നതിനു വിധ

LIBRARY ARCHIVES Kerala Legislative Assembly